# എൽ. എഫ്. യു. പി. സ്കൂൾ

## പുത്തൂർ



# അഗമം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

| | | | | | |
|---|---|---|---|---|---|
| ഉപജില്ല | : | കുളക്കട | ബി.ആർ.സി. | : | കുളക്കട |
| വിദ്യാഭ്യാസജില്ല | : | കൊട്ടാരക്കര | റവന്യൂജില്ല | : | കൊല്ലം |

## താളുകളിലൂടെ


| ക്രമ നം. | ഉള്ളടക്കം | പേജ് നമ്പർ. |
|---|---|---|
| 1. | പ്രൊഫൈൽ | 3 |
| 2. | ആമുഖം | 4 |
| 3. | ദർശനം | 6 |
| 4. | പൊതുലക്ഷ്യങ്ങൾ | 7 |
| 5. | കാഴ്ചപ്പാട് | 8 |
| 6. | കുട്ടികളുടെ സ്ഥിതിവിവരകണക്ക് | 11 |
| 7. | അവസ്ഥാപഠനം | 12 |
| 7.1 | പഠനാന്തരീക്ഷം | 12 |
| 7.2 | പഠനനിലവാരരേഖ | 13 |
| 7.3 | സാധ്യതകളും പരിമിതികളും | 14 |
| 8 | പ്രവർത്തന പദ്ധതി | 16 |
| 8.1 | ഉപമേഖല ഭൗതീകം | 16 |
| 8.2 | ഉപമേഖല - മലയാളം | 17 |
| 8.3 | ഉപമേഖല - ഇംഗ്ലീഷ് | 20 |
| 8.4 | ഉപമേഖല - ഹിന്ദി | 23 |
| 8.5 | ഉപമേഖല - അടിസ്ഥാനശാസ്ത്രം | 26 |
| 8.6 | ഉപമേഖല - സാമൂഹ്യശാസ്ത്രം | 29 |
| 8.7 | ഉപമേഖല - ഗണിതം | 32 |
| 8.8 | ഉപമേഖല - സംസ്കൃതം | 34 |
| 9 | ഉപസംഹാരം | 37 |

# പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | **LFUPS പുത്തൂർ** |
| സ്ഥാപിതം | : | **1935** |
| സ്കൂൾ കോഡ് | : | **39454** |
| UDISE കോഡ് | : | **32130800506** |
| ക്ലാസ് | : | **5, 6, 7** |
| മീഡിയം | : | **ഇംഗ്ലീഷ് & മലയാളം** |
| ജില്ല | : | **കൊല്ലം** |
| വിദ്യാഭ്യാസജില്ല | : | **കൊട്ടാരക്കര** |
| വിദ്യാഭ്യാസ ഉപജില്ല | : | **കുളക്കട** |
| താലൂക്ക് | : | **കൊട്ടാരക്കര** |
| വില്ലേജ് | : | **പുത്തൂർ** |
| പഞ്ചായത്ത് | : | **കുളക്കട** |
| വാർഡ് | : | **XVII മൈലംകുളം** |
| സി.ആർ.സി. | : | **ഗവ.എൽ.പി.എസ്. പൂവറ്റൂർ** |
| ബി.ആർ.സി. | : | **കുളക്കട** |
| ഹെഡ്മാസ്റ്റർ | : | **എബ്രഹാം ഡാനിയേൽ** |
| ഫോൺ നമ്പർ | : | **0474-2415251 (സ്കൂൾ)** |
| | | **9447558489 (ഹെഡ്മാസ്റ്റർ)** |
| പിൻകോഡ് | : | **691507** |
| e-Mail | : | puthurlfups1@gmail.com |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികനസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോത്മുഖമായ ഒരു സമൂഹനിർമ്മിതിയ്ക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രിക്രിയയെ രൂപകല്പന ചെയ്യേണ്ടതുണ്ട്. സാന്മാർഗ്ഗിക വിദ്യാഭ്യാസത്തിന് കൂടുതൽ മുൻതൂക്കം നൽകിയാൽ മാത്രമേ ഒരു മികച്ച ഭാവിതലമുറയെ വാർത്തെടുക്കുവാൻ സാധിക്കുകയുള്ളു. വിദ്യാലയങ്ങളിൽ അധ്യയനം നടത്തുന്നവർ സമൂഹത്തിലെ ഏറ്റവും നല്ല വ്യക്തികളായും പൊതുസമൂഹത്തിന്റെ നന്മയ്ക്കുതകുന്ന തരത്തിലും മാറേണ്ടിയിരിക്കുന്നു. കേവലം എഴുതാനും വായിക്കാനും പഠിക്കുക എന്നതിലുപരി അറിവിന്റെ വിസ്ഫോടനം സൃഷ്ടിക്കുന്ന തരത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ ഒരുക്കിയെടുക്കുക എന്നതാവണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കാണാതെ പഠിക്കുക എന്ന പഴയരീതിയ്ക്ക് മാറ്റം സംഭവിച്ചിരിക്കുന്നു. പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും അറിവ് സ്വയം സൃഷ്ടിക്കുന്ന രീതിയിലേക്ക് വിദ്യാലയങ്ങൾ മാറിയിരിക്കുന്നു. എന്നാൽ ആഗോളതലത്തിൽ താരതമ്യം ചെയ്യുമ്പോൾ നമ്മുടെ നിലവാരം എവിടെ നിൽക്കുന്നു എന്നത് സംശയം ജനിപ്പിക്കുന്നില്ലേ? വരും വർഷങ്ങളിൽ ഈ കുറവ് പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു. അതിനാൽ ഇപ്പോൾ തന്നെ നാം ഉണർന്ന് പ്രവർത്തിക്കണം. കേരളത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന സമഗ്ര വിദ്യാഭ്യാസയജ്ഞം കുറെയൊക്കെ മാറ്റങ്ങൾ ഇത്തരുണത്തിൽ സൃഷ്ടിച്ചുവെന്നത് പ്രശംസനീയമാണ്. ഈ പശ്ചാത്തലം മുന്നിൽ കണ്ട് ഇതിനെ മറികടക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ അവകാശനിയമം ലക്ഷ്യം വയ്ക്കുന്ന പ്രകാരം കുട്ടികളുടെ അവകാശങ്ങൾ ശക്തമായ ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ വിദ്യാലങ്ങൾ ഏറ്റവും മികച്ചതാക്കുന്നതിനായി ലക്ഷ്യം വയ്ക്കുന്ന ബൃഹത് പദ്ധതിയാണ് പ്രാഥമിക മാസ്റ്റർപ്ലാൻ.

1935-ൽ പുത്തൂർ പ്രദേശവാസികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച

താണ് പുത്തൂർ ലിറ്റിൽ ഫ്ളവർ യു.പി.സ്കൂൾ. സ്കൂൾ നിർമ്മിക്കുന്നതിനായി സ്വന്തമായുള്ള രണ്ടേക്കർ സ്ഥലം വിട്ടുനൽകിയ ദീർഘദർശിയും അർപ്പണമനോഭാവിയുമായിരുന്ന ബഹു.മത്തായി വിളയിലച്ചന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളും സ്മരിക്കപ്പെടേണ്ടതാണ്. ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നായിരുന്നു ആദ്യത്തെ പേര്. കാലത്തിനനുസരിച്ച് പുതിയ കെട്ടിടം ആവശ്യമായി വന്നപ്പോൾ മാവേലിക്കര ഭദ്രാസനാധിപൻ മോസ്റ്റ് റവ.ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി പുതിയ കെട്ടിയം പണിയുന്നതിന് അനുവാദവും സഹായങ്ങളും നൽകി. 2010 മുതൽ പുതിയ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. ഇപ്പോഴത്തെ മാനേജരായി അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് തിരുമേനിയും കറസ്പോണ്ടന്റായി വെരി.റവ.ഫാ.ഡാനിയേൽ തെക്കേടത്തും, ലോക്കൽ മാനേജരായി ബഹു.സാം ജി. പാരുവേലിൽ അച്ചനും, ഹെഡ്മാസ്റ്ററായി ശ്രീ.ഏബ്രഹാം ഡാനിയേൽ സാറും സേവനമനുഷ്ഠിക്കുന്നു. കഴിഞ്ഞ 90 വർഷങ്ങളിലായി പതിനായിരത്തിലധികം കുട്ടികൾ ഈ സ്കൂളിൽ അദ്ധ്യയനം നടത്തിയിട്ടുണ്ട്. IAS, IPS, കേഡർ ഉദ്യോഗസ്ഥർ, മതമേലദ്ധ്യക്ഷന്മാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, പ്രൊഫസർമാർ, ഗവ.ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, വൈദികർ, സിസ്റ്റേഴ്സ്, രാഷ്ട്രീയപ്രവർത്തകർ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലും അവർ വിരാജിക്കുന്നു. ഇപ്പോൾ 5,6,7 ക്ലാസ്സുകളിലായി 131 കുട്ടികൾ ഇവിടെ പഠിക്കുന്നു. എല്ലാ ക്ലാസ്സുകളിലേയും ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയമാണ്. വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തോടൊപ്പം മികച്ച അച്ചടക്കം, സാമൂഹികബോധം എന്നിവയും നൽകുന്നതിന് സ്കൂളിന് കഴിയുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

# ദർശനം

"വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയ്ക്കും തുല്യതയോടെ അതാത് സ്ഥലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ സാന്മാർഗ്ഗിക മൂല്യബോധത്തിൽ അടിയുറച്ച നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കുന്നു."

# പൊതുലക്ഷ്യങ്ങൾ

* കുട്ടികൾക്ക് അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുക.
* പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും ഉണ്ടാകണം അതോടൊപ്പം പാഠ്യപദ്ധതി സമീപനം, കാഴ്ചപ്പാട് എന്നിവയുമായി പൊരുത്തപ്പെടുന്നതായിരിക്കണം.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു.
* സ്കൂളിന്റെ എല്ലാ ദൈനംദിന പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാകേണ്ടതില്ല. എന്നാൽ സവിശേഷവും നൂതനവുമായ പഠനപ്രവർത്തനങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തണം.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, എസ്.എസ്.ലാബ്, മാത്സ് ലാബ്, സയൻസ് ലാബ് എന്നിവയുടെ നവീകരണം.
* ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നൽകി എല്ലാ കുട്ടികളുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നു.
* ഉയർന്ന നിലവാരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകണം.
* സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുടെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും ഭിന്നശേഷിക്കാരുടെയും പഠന മുന്നേറ്റം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണം.
* സമഗ്രവും നിരന്തരവുമായ പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായ വിലയിരുത്തൽ ഉറപ്പുവരുത്തുന്നു.

# കാഴ്ചപ്പാട്

അധ്യാപകൻ കുട്ടികൾക്ക് ഒരു സഹരക്ഷാകർത്താവായി നിന്നുകൊണ്ട് കുട്ടികൾക്ക് ക്ലാസ്സ്മുറികളിലും സ്കൂളിനകത്തും വേണ്ടുന്ന കരുതലും തണലും നൽകുന്നു. കാണാപാഠം പഠിച്ച് ഒരൊറ്റ ശരിയുത്തരം നൽകുന്നതിനുപകരം അധ്യാപകൻ കുട്ടികളെ തങ്ങളുടെ അനുഭവങ്ങളിൽ നിന്ന് ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കുന്നു. സ്കൂളിന് പുറത്ത് വീട്ടിലോ സമൂഹത്തിലോ വളർത്തിക്കൊണ്ടുവരുന്ന കരവിരുതുകളുടെ രൂപത്തിലായിരിക്കും പലപ്പോഴും കുട്ടികളുടെ അറിവ് സൃഷ്ടിക്കപ്പെടുക. ഇത്തരത്തിലുള്ള എല്ലാ അറിവുകളും ബഹുമാനിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. ചോദ്യങ്ങൾ ചോദിക്കാനും അന്വേഷിക്കാനും, തർക്കിക്കാനും, മനനം ചെയ്യാനും, സങ്കല്പങ്ങളിൽ എത്തിച്ചേരാനും, പുതിയ ആശയങ്ങൾ ഉണ്ടാക്കാനും, അവർക്ക് സ്കൂളിൽ അവസരമൊരുക്കുന്നു. ഓരോ മാസവും അവസാനത്തെ ആഴ്ചയിൽ മാസംതോറുമുള്ള ടെസ്റ്റ് നടത്തി, പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് കൊടുക്കുന്നു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ഇടയ്ക്കിടയ്ക്ക് രക്ഷിതാക്കളുടെ വിദ്യാലയ സന്ദർശനം പ്രോത്സാഹിപ്പിക്കുന്നു. രക്ഷിതാക്കളുടെ നിരന്തര സന്ദർശനം മുഖേന അധ്യാപക വിദ്യാർത്ഥി രക്ഷകർത്തൃബന്ധം സദൃഢമാകും.

ശാസ്ത്രീയമായി സ്കൂളിലെ കായികവിദ്യാഭ്യാസപരിപാടി നവീകരിക്കുന്നു. വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിന് യു. പി. ക്ലാസ്സുകളിൽ അവസരം കുറവാണ്. പരിശീലനത്തിനുള്ള സൗകര്യങ്ങൾ വിദ്യാലയത്തിലുണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. സ്കൂളിൽ ഒരധ്യാപകന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ എല്ലാ ദിവസവും രാവിലെയും വൈകിട്ടും രണ്ടു മണിക്കൂർ അടുത്തുള്ള ഹെൽത്ത് ക്ലബിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടുകൂടി ചിട്ടയായി കായികപരിശീലനം നൽകിയാൽ കായികരംഗത്ത് പ്രതിഭകൾ കടന്നുവരും. പല രാജ്യങ്ങളിലും നീന്തൽ പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാണ്. സ്കൂളിനടുത്തുള്ള നീന്തൽക്കുളം നവീകരിച്ച് കുട്ടികൾക്ക്

നീന്തൽ പരിശീലനം നൽകിയാൽ അവരുടെ ആരോഗ്യം മെച്ചപ്പെടുത്താൻ കഴിയും. അങ്ങനെ സ്കൂൾ മെച്ചപ്പെട്ട അവസ്ഥയിൽ എത്തിച്ചേരും.

ഗ്രന്ഥപാരായണം വിദ്യാർത്ഥികൾ നിർബന്ധമായും ശീലിക്കേണ്ട ഒരു സ്വഭാവമാണ്. ചെറുപ്പത്തിൽ തന്നെ വായനാശീലം വളർത്തിയെടുക്കണം. ഇതിന് ഏറ്റവും ഉചിതമായ കാലയളവ് അപ്പർ പ്രൈമറി കാലഘട്ടമാണ്. അവർക്ക് അനുയോജ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ സാധ്യമാക്കി, സ്കൂൾ ലൈബ്രറി ആകർഷകമാക്കും. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന പുസ്തകങ്ങൾ ആകർഷകമായി പ്രത്യേകം പ്രത്യേകം ക്രമീകരിക്കുന്നതിന് ഒരു അധ്യാപികയെ ചുമതല ഏല്പിക്കുന്നു. ഒപ്പം പ്രധാനപ്പെട്ട ദിനപ്പത്രങ്ങളും വിജ്ഞാനപ്രദങ്ങളായ മാസികകളും ക്രമീകരിച്ച്, സ്കൂൾ ലൈബ്രറിക്കൊപ്പം റീഡിംഗ് റൂമിനുള്ള സാധ്യതയും കണ്ടെത്തും.

അർഹരായവർക്ക് അവസരം ലഭ്യമാക്കാനുള്ള അന്വേഷണത്തിന്റെ ഭാഗമായാണ് പ്രവേശനപരീക്ഷകൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതുപോലെ കഴിവും പ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരെ വാർത്തെടുക്കുന്നതിനുവേണ്ടിയാണ് പി.എസ്.സി. പോലുള്ള പരീക്ഷകൾ നടത്തുന്നത്. ഇതിന്റെ പ്രാധാന്യം കണ്ടറിഞ്ഞ് ഉച്ചസമയത്ത് മുഴുവൻ കുട്ടികളേയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് ജനറൽനോളജിന് പ്രത്യേക പരിശീലനം നല്കിവരുന്നു. ഈ വിഷയത്തിൽ നല്ല പരിശീലനം ലഭിച്ചവരുടെ സേവനം കുട്ടികൾക്ക് പ്രയോജനപ്പെടുത്തും.

പുസ്തകപഠനത്തോടൊപ്പം മാനസികവികാസവും നേടി യെടുത്താലേ വിദ്യാഭ്യാസം പൂർണ്ണമാവു. കയ്യെഴുത്ത് മാസികകൾ അതിന് വഴിയൊരുക്കുന്നു. വായനശാലകളിലും, കലാസമിതികളിലും എന്നപോലെ ഒരു കുട്ടി ഒരു കയ്യെഴുത്തു മാസിക ചിട്ടപ്പെടുത്തുന്നു. വിദ്യാഭ്യാസ ഉദ്യോഗസ്ഥരെയും സാംസ്കാരിക നായകരേയും സ്കൂളിൽ ക്ഷണിച്ച് ഈ സംരംഭം ഉദ്ഘാടനം ചെയ്ത് മാസിക പ്രകാശനം ചെയ്യുന്നു. മികച്ച കയ്യെഴുത്തു മാസിക കണ്ടെത്തി ആ കുട്ടികളെ ആദരിക്കുന്നു.

ഇംഗ്ലീഷ് ഭാഷയുടെ മാഹാത്മ്യവും ആവശ്യകതയും ശരിക്കും മനസ്സിലാക്കിയതുകൊണ്ടാണ് വിദ്യാസമ്പന്നരായ ആളുകൾ ഇംഗ്ലീഷിനോട് മമത പുലർത്തുന്നതും, തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നതും. നഗരങ്ങളിലേയും വിദ്യാസമ്പന്നരായ ആളുകളുടെയും സംസാരഭാഷ ഇംഗ്ലീഷാണ്. അതുകൊണ്ട് ഗ്രാമീണമേഖലയിലെ കുട്ടികൾ പിന്തള്ളപ്പെട്ടുപോകുന്നു. ഇതിന് പരിഹാരമായി സ്കൂളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതോടൊപ്പം സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പ്രത്യേക പ്രാവീണ്യമുള്ള അധ്യാപകരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നു.

വിനോദമാധ്യമങ്ങൾ പലതും കുട്ടികളെ വഴിതെറ്റിക്കുന്നതും അവരിൽ മാനസിക വൈകല്യം ഉണ്ടാക്കുന്നതുമാണ്. സ്മാർട്ട് ഫോണും, ഇന്റർനെറ്റും കുട്ടികൾക്ക് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നുണ്ട്. കുട്ടികളിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ ക്കെതിരെ അവരെ ബോധവൽക്കരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് ക്ലാസ്സുകൾ നടത്താം.

പരിസര മലിനീകരണം കുറയ്ക്കുവാനും ലഘൂകരിക്കാനുമുള്ള നിരവധി സംവിധാനങ്ങൾ നമുക്കുണ്ടെങ്കിലും അവയെല്ലാം പൂർണ്ണമായും ഫലപ്രദമല്ല. ജൂൺ 5 ലോക പരിസ്ഥിതിദിനമായി സ്കൂളുകളിൽ ആചരിക്കുന്നുണ്ട്. ബോധവൽക്കരണറാലിയും വൃക്ഷത്തൈ വിതരണവും ഓരോ വർഷവും നടക്കുന്നുണ്ട്. ഇതുകൊണ്ട് കുട്ടികളുടെ മനോഭാവത്തിന് മാറ്റം വരുന്നില്ല. അതിനപ്പുറം പരിസ്ഥിതി മലിനീകരണത്തിനെതിരെ ഒട്ടേറെ സംഘടനകളെയും പരിസ്ഥിതി പ്രവർത്തകരേയും സ്കൂൾ പരിപാടികളിൽ പങ്കെടുപ്പിച്ചുകൊണ്ട് നിരന്തരമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് വലിയൊരു അവബോധം സൃഷ്ടിക്കാൻ കഴിയും. പ്രകൃതിസംരക്ഷണത്തിനായി ഉയർന്നുവന്നിരിക്കുന്ന സർക്കാർ സംരംഭങ്ങളോടൊപ്പം സ്കൂൾ കുട്ടികളുടെയും സഹകരണം ഉറപ്പാക്കും.

# കുട്ടികളുടെ സ്ഥിതിവിവരകണക്ക്

**2025–26**

| ആറാം അദ്ധ്യയനദിനം 2025–26 | | | | | | | | | | | | | | | | | | | | | | | | | School Code : 39454 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം : 131 | | | | | | | | | | | | | | | | | | | | | | | | | |
| | | All | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC | | | APL | | | BPL | | |
| Class | Div. | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total |
| 5 | 2 | 22 | 23 | 45 | 7 | 6 | 13 | 0 | 0 | 0 | 0 | 0 | 0 | 9 | 9 | 18 | 4 | 4 | 8 | 8 | 10 | 18 | 14 | 13 | 27 |
| 6 | 2 | 23 | 17 | 40 | 5 | 3 | 8 | 0 | 0 | 0 | 0 | 0 | 0 | 6 | 4 | 10 | 5 | 5 | 10 | 13 | 8 | 21 | 10 | 9 | 19 |
| 7 | 2 | 25 | 21 | 46 | 6 | 5 | 11 | 0 | 0 | 0 | 0 | 0 | 0 | 7 | 5 | 12 | 8 | 7 | 17 | 16 | 11 | 27 | 9 | 10 | 19 |
| Total | | 70 | 61 | 131 | 18 | 14 | 31 | - | - | - | - | - | - | 22 | 18 | 40 | 17 | 16 | 33 | 37 | 29 | 66 | 33 | 32 | 65 |

# അവസ്ഥാപഠനം

## * പഠനാന്തരീക്ഷം

**അധ്യാപകരുടെ പേരും പഠിപ്പിക്കുന്ന ക്ലാസും വിഷയവും ചുവടെ ചേർക്കുന്നു.**

| Sl. No. | Name of the Teachers | Qualification | Class | Subject |
|---|---|---|---|---|
| 1 | Abraham Daniel | PDC,TTC | VII | Maths |
| 2 | Plato Raju | B.Sc, B.Ed | V, VI, VII | B.S, English |
| 3 | Geena George | M.Sc, B.Ed | V, VI,VII | S.S, English |
| 4 | Sr. Mini Scaria | B.A., B.Ed | V,VI,VII | S.S, Malayalam |
| 5 | Geena Rajan | M.Com, M.Ed | V, VI, VII | Maths, B.S, Malayalam |
| 6 | Sandra S Jose | B.Sc, B.Ed | V, VI | Maths, S.S |
| 7 | Praveena.L | M.A, B.Ed | V,VI,VII | Hindi |
| 8 | Priyanka M.R | B.A, B.Ed | V, VI, VII | Sanskrit |

ഓഫീസ് അറ്റന്റന്റായി ശ്രീ. ജോമോൻ ആർ. സേവനമനുഷ്ഠിക്കുന്നു. സ്കൂളിന്റെ അക്കാദമിക ഭൗതീകകാര്യങ്ങളിൽ സഹായിക്കുന്നതിനായി 11 അംഗ പി.റ്റി.എ.കമ്മിറ്റിയും 9 അംഗ എം.പി.റ്റി.എ. കമ്മിറ്റിയും സജീവമായി പ്രവർത്തിക്കുന്നു. പി.ടി.എ.പ്രസിഡന്റായി ശ്രീ.ബെൻസിലാലും എം.പി.റ്റി.എ.പ്രസിഡന്റായി ശ്രീമതി ബിജി നിക്സണും അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്നു. നിർലോഭമായ സഹകരണം പി.റ്റി.എ.യുടെ ഭാഗത്തുനിന്ന് സ്കൂളിന് ലഭിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ തർക്കമില്ല. 70 ആൺകുട്ടികളും, 61 പെൺകുട്ടികളുമാണ് ഇപ്പോൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. ഭൂരിഭാഗം കുട്ടികളും സാധാരണകുടുംബങ്ങളിൽ നിന്ന് വരുന്നതാണ്. മാതാപിതാക്കളിൽ ഭൂരിഭാഗവും കശുവണ്ടിഫാക്ടറി തൊഴിലാളികളും സ്ഥിരവരുമാനമില്ലാത്ത മറ്റ് ജോലികൾ ചെയ്യുന്നവരുമാണ്.

## ❋ പഠനനിലവാര രേഖ

| Std | Total No. students | Subject | A | % | B | % | C | % | D | % |
|---|---|---|---|---|---|---|---|---|---|---|
| 5 | 45 | Malayalam | 21 | 47 | 12 | 26 | 5 | 11 | 7 | 16 |
| | | English | 25 | 56 | 13 | 28 | 2 | 4 | 5 | 12 |
| | | Hindi | 29 | 64 | 5 | 11 | 7 | 16 | 4 | 9 |
| | | Basic Science | 18 | 40 | 9 | 20 | 10 | 22 | 8 | 15 |
| | | Social Science | 21 | 47 | 12 | 26 | 5 | 12 | 7 | 15 |
| | | Maths | 19 | 42 | 9 | 20 | 8 | 18 | 9 | 20 |
| 6 | 40 | Malayalam | 22 | 55 | 10 | 25 | 3 | 8 | 5 | 12 |
| | | English | 20 | 50 | 80 | 20 | 6 | 15 | 6 | 15 |
| | | Hindi | 19 | 48 | 10 | 25 | 7 | 17 | 4 | 10 |
| | | Basic Science | 20 | 50 | 7 | 17 | 9 | 23 | 4 | 10 |
| | | Social Science | 23 | 56 | 8 | 20 | 6 | 15 | 3 | 9 |
| | | Maths | 8 | 45 | 9 | 23 | 7 | 17 | 6 | 15 |
| 7 | 46 | Malayalam | 25 | 54 | 12 | 26 | 5 | 11 | 4 | 9 |
| | | English | 23 | 50 | 8 | 17 | 6 | 13 | 9 | 20 |
| | | Hindi | 20 | 43 | 9 | 20 | 9 | 20 | 8 | 17 |
| | | Basic Science | 24 | 52 | 13 | 28 | 3 | 7 | 6 | 13 |
| | | Social Science | 24 | 52 | 12 | 26 | 5 | 11 | 5 | 11 |
| | | Maths | 20 | 43 | 9 | 20 | 8 | 17 | 9 | 20 |

## ❋ സാധ്യതകളും പരിമിതികളും

മുകളിൽ സൂചിപ്പിച്ച പഠനനിലവാരം താരതമ്യം ചെയ്യുമ്പോൾ കൂടുതൽ മെച്ചപ്പെടേണ്ടതായി കാണുന്നു. നാം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനായി കുറെക്കൂടി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങളുടെ കാര്യത്തിൽ അനായാസം കൈകാര്യം ചെയ്യുന്നതിൽ നേട്ടമുണ്ടാകേണ്ടിയിരിക്കുന്നു. ചുരുക്കം കുട്ടികളിൽ മാതൃഭാഷയും. തെറ്റുകൂടാതെ എഴുതുക, വായിക്കുക, സ്വന്തം നിലയിൽ രചിക്കുക, എന്നീ ലക്ഷ്യങ്ങൾ നേടുമ്പോഴാണ് ഭാഷാപഠനം പൂർണ്ണതയി ലെത്തുന്നത്. ഈ പൂർണ്ണത നേടിയെടുക്കുന്നതിന് ഒത്തിരി മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഇതിനായി ഒത്തിരിയേറെ പ്രവർത്തനങ്ങൾ നടത്തണം. നിലവിലുള്ള അവസ്ഥ പോരായ്മ തന്നെയാണ്. പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണം. ഗണിതത്തിന്റെ കാര്യത്തിലും ഈ സ്ഥിതി തന്നെയാണ് നിലനിൽക്കുന്നത്. ചതുഷ്ക്രിയകൾ ഏറെക്കുറെ മനസ്സിലാക്കിയിട്ടുണ്ടെങ്കിലും ചോദ്യങ്ങളെ അപഗ്രഥിച്ച് വിശകലനം ചെയ്ത് ഉത്തരത്തിലെത്തി ച്ചേരുന്നതിൽ നല്ല ഒരു വിഭാഗം കുട്ടികളും വളരെ പിന്നിലാണ്. ഗണിതപഠനത്തിൽ ഈ അവസ്ഥ ശുഭകരമല്ല. ഒപ്പം തന്നെ സംഖ്യാബോധം സംഖ്യകളുടെ വലുപ്പച്ചെറുപ്പം ഭിന്നസംഖ്യകൾ, ദശാംശ സംഖ്യകൾ എന്നിവയുടെ ക്രിയകളിലുള്ള സൂക്ഷ്മത എന്നിവയും പരിഹരിക്കപ്പെടണം. നൂതനമായ രീതിയിൽ ആശയത്തിലെത്തിച്ചേരുന്നതിനാവശ്യമായ നല്ല പ്രവർത്ത നങ്ങളിലൂടെയും പിന്നോക്കക്കാരെ കണ്ടെത്തി പ്രത്യേക ശ്രദ്ധ നൽകിയും ഈ കുറവ് പരിഹരിക്കണം. ഗുണനവസ്തുതകൾ സ്വായത്തമാക്കുന്നതിലും കുട്ടികൾ പിന്നോട്ടു പോകുന്നു. ശാസ്ത്രവിഷയങ്ങളിൽ പരീക്ഷണങ്ങളിലൂന്നിയുള്ള അറിവ് സമ്പാദന ത്തിലും ആശയ രൂപീകരണത്തിലും ഇന്നത്തെ അവസ്ഥ അപര്യാപ്ത മാണ്. സയൻസ് ലാബിന്റെ ഇന്നത്തെ ഉപയോഗരീതിയിൽ മാറ്റം വരണം. വിവിധ ഗ്രാന്റുകളും, പി.റ്റി.എ, പഞ്ചായത്ത് എന്നിവയുടെ സഹായത്താലും പരീക്ഷണശാല കൂടുതൽ വിപുല മാക്കണം. ഇന്നത്തെ അവസ്ഥയിൽ ലാബുകളുടെ സഹായത്താൽ സ്വയം പഠന

ത്തിനുള്ള അവസരം ലഭിക്കുന്നില്ല. സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. പരീക്ഷണശാല കൂടുതൽ മെച്ചപ്പെടുത്തണം, പുസ്തകശേഖരം വിപുലമാക്കണം, ക്ലാസ് റൂം ലൈബ്രറികളുടെ സ്ഥിതിയും അപര്യാപ്തമാണ്. സാമൂഹ്യശാസ്ത്ര പഠന മേഖലയിൽ ചാർട്ടുകൾ, ചിത്രങ്ങൾ, മാപ്പുകൾ, ഗ്ലോബ് തുടങ്ങിയ ഉപകരണങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കേണ്ടതുണ്ട്. യു. എസ്. എസ്. പരീക്ഷകൾ പോലെ മാത്സര്യബുദ്ധി ഏറെ ആവശ്യമുള്ള മേഖലകളിൽ ഇനിയും ഒത്തിരി മെച്ചപ്പെടേണ്ടതുണ്ട്. കായികമേഖലയിലും സ്ഥിതി മെച്ചമല്ല.

Library, Lab, Reading Room, ഭക്ഷണശാല, കമ്പ്യൂട്ടർ റൂം എന്നിവയ്ക്കാവശ്യമായ കെട്ടിട സൗകര്യം ഇല്ലായെന്നത് ഈ സ്കൂളിന്റെ പരിമിതിയാണ്. ഒപ്പം തന്നെ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കമ്പ്യൂട്ടറുകൾ ഇല്ലായെന്നത് പ്രധാനമായ പരിമിതിയാണ്. ഇവ പൂർണ്ണമായും പരിഹരിക്കപ്പെടണം.

ഈ വസ്തുതകൾ നിലനിൽക്കുമ്പോഴും എല്ലാ മേഖലകളിലും മെച്ചപ്പെട്ട നേട്ടം കൈവരിക്കുവാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. ഉപജില്ല/ജില്ല മേളകളിൽ നിരവധി സമ്മാനങ്ങൾ നേടി. ഈ വർഷം ഗണിത/ശാസ്ത്ര/സാമൂഹ്യശാസ്ത്ര മേളയിൽ സെക്കന്റ് ഓവറോൾ ഉപജില്ലയിൽ നേടി. കലാമേളയിലും എ ഗ്രേഡ് ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ ലഭിച്ചു. സ്കൂൾതലത്തിൽ എല്ലാ മേളകളും ഭംഗിയായി നടത്തി. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. എല്ലാ ദിവസങ്ങളിലും 1:15 മുതൽ 1.50 വരെ വിവിധ ക്ലബ് മീറ്റിംഗുകൾ നടത്തിവരുന്നു. ദിനാചരണങ്ങൾ എല്ലാം സ്കൂൾതലത്തിൽ ആഘോഷിച്ചു. പ്രധാനമായി ശിശുദിനം ഗംഭീരമായി ആചരിച്ചു. ഇതിനോടനുബന്ധിച്ചു നടത്തിയ ശിശുദിനറാലി എടുത്തു പറയേണ്ടതാണ്.

ഇതോടൊപ്പം രേഖപ്പെടുത്തിയ നിലവിലുള്ള അവസ്ഥ, പരിമിതികൾ, ന്യൂനതകൾ, പഠനനിലവാര പിന്നോക്കാവസ്ഥ എന്നിവ പരിഹരിക്കപ്പെടണം. ഒപ്പം തന്നെ വിജയിച്ച മേഖലകൾ പിന്നോട്ടു പോകാതിരിക്കാനും സാധിക്കണം. അതിനായി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ പൂർണ്ണവിജയത്തിലെത്തിക്കാൻ ശ്രമിക്കാം.

# പ്രവർത്തന പദ്ധതി

## ❋ ഉപമേഖലാ-ഭൗതീകം

| Sl. No. | പ്രവർത്തനങ്ങൾ | ചെലവ് | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1. | സ്കൂളിൽ പെൺകുട്ടികൾക്കായി പ്രത്യേകം Girls friendly ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് | 20000 | 2025 - 26 | M.P.Fund |
| 2. | കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിന് കായികപരിശീലനം സജീവമാക്കുന്നു. സ്പോർട്സ്, ഗെയിംസ് എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി. | 10000 | 2025 - 26 | പൂർവ്വവിദ്യാർത്ഥികൾ |
| 3. | ആധുനികരീതിയിൽ സ്കൂൾകെട്ടിടം, ക്ലാസ്സ് റൂം, കമ്പ്യൂട്ടർ റൂം എന്നിവ വൈദ്യുതീകരിക്കുന്നതിന് | 50000 | 2025 - 26 | മാനേജ്മെന്റ് |
| 4. | വായന പരിപോഷിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി നവീകരണത്തിന് | 30000 | 2025 - 26 | പി.റ്റി.എ. |
| 5. | സ്കൂളിന് ഏറ്റവും അത്യാവശ്യമായ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് | 1200000 | 2025 - 26 | MLA, MP, Old Students |
| 7. | ജൈവവൈവിധ്യപാർക്ക് | 15000 | 2025 - 26 | പി.റ്റി.എ |
| 8. | കലാപരിപാടികൾ, സാംസ്കാരിക സമ്മേളനങ്ങൾ, ചർച്ചകൾ, ഡിബേറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നു/ഒപ്പം തന്നെ ഭക്ഷണശാലയും | 10,00000 | 2025 - 26 | MLA, MP |
| 9. | കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നു. | 1500000 | 2025 - 27 | MLA, MP, |
| 10. | സ്കൂൾ കെട്ടിട നവീകരണം | 800000 | 2025 - 27 | പൂർവ്വവിദ്യാർത്ഥികൾ |

## ❋ ഉപമേഖലാ-മലയാളം

## ലക്ഷ്യങ്ങൾ

1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.

2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക.

3) സാഹിത്യ കൃതികളോടും, സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ.

4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും.

5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ.

6) കുട്ടികളുടെ ആകാശവാണി ലിറ്റിൽഫ്ളവർ എഫ്.എം. അവതരണ മികവ്.

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 1. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | V, VI, VII | മലയാളം അധ്യാപകർ |
| 2. | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | V, VI, VII | മലയാളം അധ്യാപകർ |
| 3. | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | V, VI, VII | മലയാളം അധ്യാപകർ |
| 4. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | V, VI, VII | മലയാളം അധ്യാപകർ |
| 5. | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | V, VI, VII | മലയാളം ക്ലബ്ബ് |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | V, VI, VII | മലയാളം ക്ലബ്ബ് |
| 6. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | V, VI, VII | ഹെഡ്മാസ്റ്റർ<br>മലയാളം അധ്യാപകർ |
| 7. | **ഇ – കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | V, VI, VII | മലയാളം, ഐ.ടി. അധ്യാപകർ |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | V, VI, VII | മലയാളം അധ്യാപകർ |
| 8. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | V, VI, VII | പി.ടി.എ, സ്കൂൾ |
| 9. | **ലിറ്റിൽ ഫ്ളവർ എഫ് . എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | V, VI, VII | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ |

## ❋ ഉപമേഖലാ-ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു.
2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു
3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു.
4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു.
5) കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നു.
6) ഇംഗ്ലീഷ് ഭാഷകളിൽ, പസിലുകൾ, പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷയോടുള്ള കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 1. | Lend Your Ear ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർത്തി ക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| 2. | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തു വാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| 3. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ |
| | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | V, VI, VII | ഇംഗ്ലീഷ് അധ്യാപകർ<br>പി.ടി.എ.ഭാരവാഹികൾ<br>രക്ഷിതാക്കൽ |

## ❋ ഉപമേഖലാ-ഹിന്ദി

### ലക്ഷ്യങ്ങൾ

1. ഹിന്ദി ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ, അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഹിന്ദിഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ഹിന്ദി ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നല്കുക.
4. ശരിയായ ഉച്ചാരണത്തോടെ ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
5. രാഷ്ട്രഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്നനിലയിൽ ഹിന്ദി ഭാഷാകഴിവ് നേടുക.
6. ഹിന്ദി ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
7. ഹിന്ദിഭാഷാപഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. | 1 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| 2. | ചിത്രങ്ങളിലൂടെ ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുന്നു. | 1 മാസം | 5, 6 | ഹിന്ദി അധ്യാപകർ |
| 3. | അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരക്കാൻ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു. | | | |
| 4. | ചിത്രം, കഥ പറയൽ, ഒരു കഥയുടെ കുറച്ചുഭാഗം നല്കി ബാക്കി പറയിക്കുന്നു. എഴുതുന്നു. | 4 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| 5. | സി.ഡി. പ്രദർശനം, ചിത്രങ്ങൾ തുടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയുവാനും എഴുതുവാനും അവസരം നല്കുന്നു. | | 5, 6 | ഹിന്ദി അധ്യാപകർ |
| 6. | ഭാഷാപരമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സുകൾ | | | ഹിന്ദി അധ്യാപകർ |
| 7. | കുട്ടയെ മികച്ച വായനക്കാരനാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കുന്നു. | | | ഹിന്ദി അധ്യാപകർ |
| 8. | വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ - കുട്ടികളുടെ സഹായത്തോടെ വായനയ്ക്കു സഹായകമായ പുസ്തകങ്ങളടങ്ങുന്ന ക്ലാസ്സ് ലൈബ്രറി സജ്ജീകരക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, പുസ്തകരജിസ്റ്റർ, കുട്ടി ലൈബ്രറിയിൽ പുസ്തകവിതരണം, പുസ്തക ശേഖരണം<br>♦ വായന അനുഭവം പങ്കുവയ്ക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനക്കു നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.<br>♦ പുസ്തകവായനാക്കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. | 1 വർഷം<br>2 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ |

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| | ♦ കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക യെന്ന ലക്ഷ്യത്തോടുകൂടി എഴുത്തു കൂട്ടം രൂപീകരിക്കുന്നു. കുട്ടികളെ 5 വീതം ഗ്രൂപ്പു കളാക്കുന്നു. വ്യക്തിഗതരചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു.<br>♦ പൊതുവേദിയിലെ പ്രകടനങ്ങൾ - കുട്ടിക ളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടു ക്കാൻ, അസംബ്ലിയിൽ സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനുള്ള അവസരം നല്കുന്നു. | 4 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ ഹെഡ്മാസ്റ്റർ |
| | ♦ വ്യക്തിഗതരചന, സംഘരചന - കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>♦ രചയിതാക്കളെ പരിചയപ്പെടൽ, കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടു ത്തൽ, രചയിതാവിന്റെ ചിത്രം പ്രദർശിപ്പി ക്കൽ. | 1 വർഷം | | പി.ടി.എ സ്കൂൾ |
| | ♦ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ - ആസൂത്രണം നടപ്പാക്കൽ, പ്രോത്സാഹനം. | 1 വർഷം | 5, 6 7 | സ്കൂൾ ഹിന്ദി അധ്യാപകർ |

## * ഉപമേഖലാ-സയൻസ്

## ലക്ഷ്യങ്ങൾ

1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.

2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

3) ശാസ്ത്ര രംഗത്തെ നൂതനആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ.

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 1. | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം,ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 2. | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | V, VI, VII | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 3. | **പരീക്ഷണക്കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | V, VI, VII | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 4. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 5. | **എക്സ്പ്ലോ – എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ |
| 6. | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ |
| 7. | **മുഖാമുഖം** ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 8. | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ |
| 9. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ |
| 10. | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാനരൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | V, VI, VII | ശാസ്ത്രാധ്യാപകർ |

## * ഉപമേഖലാ-സോഷ്യൽ സയൻസ്

## ലക്ഷ്യങ്ങൾ

1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ.

2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.

3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.

4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്ത നങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.

5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാ ഹിപ്പിക്കുന്നു.

6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

7) സുസ്ഥിര വികസനകാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു.

8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 1. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2. | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 6. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾസ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 7. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 8. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 9. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | V, VI, VII | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

## ❋ ഉപമേഖലാ-ഗണിതം

### ലക്ഷ്യങ്ങൾ

1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു.

2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും.

3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ.

4) ഗണിതം മധുരമാക്കൽ

5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ

6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു

7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു.

8) വിവിധ ശേഷികളുടെ വികസനം

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 1. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | V, VI, VII | ഗണിത അധ്യാപകൻ |
| 2. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | V, VI, VII | ഗണിത അധ്യാപകർ |
| | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | V, VI, VII | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും |
| 3. | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | V, VI, VII | ഗണിത ക്ലബ്ബ് |
| 4. | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | V, VI, VII | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ |
| 5. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | V, VI, VII | ഗണിത അധ്യാപകർ |
| 6. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | V, VI, VII | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും |

## ✱ ഉപമേഖലാ-സംസ്കൃതം

## ലക്ഷ്യങ്ങൾ

1) എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.

2) അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.

3) കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.

4) ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.

5) എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

6) സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ

7) ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ

8) ഭാഷാലാബ്

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 1. | **സംസ്കൃതം ലൈബ്രറി**<br>സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | V, VI, VII | സംസ്കൃത അധ്യാപകർ |
| 2. | **സംസ്കൃതദിനാചരണം**<br>സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ | „ | V, VI, VII | „ |
| 3. | **സംസ്കൃത അസംബ്ലി**<br>വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ. | „ | V, VI, VII | „ |
| 4. | **സംസ്കൃതസംഭാഷണ ശിബിരം**<br>സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ. | „ | V, VI, VII | „ |
| 5. | **പഠനയാത്രകൾ സംഘടിപ്പിക്കൽ**<br>സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ. | „ | V, VI, VII | „ |
| 6. | **വിവിധ മത്സരങ്ങൾ**<br>കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ. | „ | V, VI, VII | „ |
| 7. | **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**<br>സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു.എസ്.എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ. | „ | V, VI, VII | „ |
| 8. | **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**<br>വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ. | „ | V, VI, VII | „ |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|
| 9. | ടെസ്റ്റ് നടത്തി<br>മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ” | V, VI, VII | ” |
| 10. | പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ” | V, VI, VII | ” |
| 11. | പതിപ്പുകൾ, മാഗസിനുകൾ | ” | V, VI, VII | ” |
| 12. | രചനാ ശില്പശാലകൾ | ” | V, VI, VII | ” |
| 13. | സംസ്കൃതദിനാചരണം / അസംബ്ലി | ” | V, VI, VII | ” |
| 14. | ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ് | ” | V, VI, VII | ” |
| 15. | വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ  ഉപന്യാസം രചിക്കൽ &അവതരണം etc... | ” | V, VI, VII | ” |
| 16. | വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് /ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc... | ” | V, VI, VII | ” |
| 17. | വിവിധ കലാരൂപങ്ങളുടെ demonstration | ” | V, VI, VII | ” |

# ഉപസംഹാരം

10 വർഷം ലക്ഷ്യമാക്കി കണ്ടെത്തിയ ഭാതികവും അക്കാദമികവുമായ കാര്യങ്ങൾ ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ സർവതോന്മുഖമായ വളർച്ച ലക്ഷ്യമാക്കിയാണിത് തയ്യാറാക്കിയിട്ടുള്ളത്. വ്യക്തി, സ്ഥല സാഹചര്യപരിമിതികൾ കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതിന് രാഷ്ട്രീയ പ്രതിനിധികൾ, മുൻ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ, സാംസ്കാരിക മതനേതാക്കൾ, നാട്ടുകാർ, അഭ്യുദയകാംക്ഷികൾ, പി. റ്റി. എ. ഇവരുടെ സഹായം പ്രതീക്ഷിക്കുന്നു. നാടിന്റെ പുരോഗതിയ്ക്കുവേണ്ടി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ എല്ലാവരും പ്രയത്നിക്കുമെന്നു പ്രതീക്ഷിക്കുന്നു.